"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

## പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 873      14.01.2021-ൽ മറുപടിയ്ക്ക്

**<u>ചിറ്റാറിൽ കർഷകനെ കസ്റ്റഡിയിലെടുത്ത സംഭവം</u>**

| | ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.കെ.എസ്.ശബരീനാഥൻ | | മറുപടി<br>ശ്രീ.കെ.രാജു,<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ചിറ്റാറിൽ മത്തായി എന്ന യുവ കർഷകനെ വനപാലകർ കസ്റ്റഡിയിലെടുത്തിരുന്നോ; എങ്കിൽ ഏത് കേസിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹത്തെ കസ്റ്റഡിയിലെടുത്തത്; | (എ) | ചിറ്റാറിൽ മത്തായി എന്ന കർഷകനെ വനപാലകർ കസ്റ്റഡിയിലെടുത്തിരുന്നു. അനധികൃതമായി സർക്കാർ റിസർവ്വിൽ നായാട്ട് നടത്തുന്നതിനായി പ്രവേശിക്കുകയും, ടൈഗർ സെൻസസിനായി സ്ഥാപിച്ച ക്യാമറ ട്രാപ്പ് തകർക്കുകയും ചെയ്തു എന്ന കുറ്റകൃത്യവുമായി ബന്ധപ്പെട്ട് ചിറ്റാർ ഫോറസ്റ്റ് സ്റ്റേഷനിലെ ഒ.ആർ. 6/2020 നമ്പർ കേസിന്റെ അന്വേഷണത്തിന്റെ ഭാഗമായിട്ടാണ് മത്തായിയെ കസ്റ്റഡിയിലെടുത്തത്. |
| (ബി) | പ്രസ്തുത കേസ് ഒതുക്കുവാൻ വനപാലകർ എഴുപത്തായ്യായിരം രൂപ കൈക്കൂലി ചോദിച്ചുവെന്ന് മത്തായിയുടെ ഭാര്യ മൊഴി നൽകിയിട്ടുണ്ടോ; | (ബി) | മത്തായിയുടെ മരണവുമായി ബന്ധപ്പെട്ട് സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നടത്തിയ അന്വേഷണത്തിന്റെ ഭാഗമായ തെളിവെടുപ്പിൽ പരേതനായ മത്തായിയുടെ ഭാര്യ ശ്രീമതി.ഷീബ, ഫോറസ്റ്റ് ഉദ്യോഗസ്ഥൻ എന്ന് പരിചയപ്പെടുത്തിയ ഒരാൾ കേസ് ഒഴിവാക്കാനായി 75,000/- രൂപ കൈക്കൂലി ചോദിച്ചതായി മൊഴി നൽകിയിട്ടുണ്ട്. |
| (സി) | ഈ മൊഴിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയോ; അന്വേഷണത്തിൽ വെളിവായ കാര്യം എന്താണ്; കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | കേസ് ഒതുക്കി തീർപ്പിനായി കൈക്കൂലി ആവശ്യപ്പെട്ടുവെന്ന ടി മൊഴിയടക്കം മത്തായിയുടെ മരണത്തിലേക്കു നയിച്ച സാഹചര്യം സംബന്ധിച്ച് വിശദമായ പോലീസ് അന്വേഷണം നടക്കുന്നതിനാൽ ഇത് സംബന്ധിച്ച് വനം വകുപ്പ് അന്വേഷണം നടത്തിയിട്ടില്ല.<br><br>മത്തായിയുടെ മരണവുമായി ബന്ധപ്പെട്ട് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ 2 പേരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നു. ടിയാൻമാർക്കെതിരെ കഠിന ശിക്ഷയുള്ള വകുപ്പുതല അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളതുമാണ്. |

Signature valid
Digitally signed b NOUSHAD
S
Date: 2021.0 3 14:41:10 IST
Reason: Approved